# Mathrubhumi

## 22 August 2018

## Kochi, Flood-hit Kerala, High Court Judge, Poetry



# കേരളത്തിനുവേണ്ടി കവിത രചിച്ച് ഹൈക്കോടതി ജഡ്ജി

**കൊച്ചി ▸** 'എൻെറ നാടിനൊരു കൈത്താങ്ങ് വേണം' കേരളത്തിനുവേണ്ടി ഇതുപറയുന്നത് കേരള ഹൈക്കോടതിയിലെ ജഡ്ജിയായ ജസ്റ്റിസ് ദമ ശേഷാദ്രി നായിഡു.

'ഈ നാട്' ഉൾപ്പെടെയുള്ള തെലുഗു മാധ്യമങ്ങളിൽ അദ്ദേഹമെഴുതിയ കവിതയുടെ തലക്കെട്ടാണിത്.

**കവിതയുടെ ഏകദേശ വിവർത്തനം ഇങ്ങനെ:**

*എൻെറ കേരളം പ്രിയതരമാണ്*
*സൗന്ദര്യവും സൗശീല്യവും നിറഞ്ഞതാണത്*
*കാലവർഷമേഘങ്ങൾ മഴത്തുള്ളികളാൽ*
*ആദ്യം അഭിവാദ്യംചൊല്ലുന്നതിവിടെയാണ്.*
*പക്ഷേ,*
*ഇത്തവണ മഴ ഞങ്ങളെ വിറകൊള്ളിച്ചു*
*വെള്ളം ഞങ്ങളെ പ്രളയം പോലെ ചൂഴ്ന്നു*
*മഴ തുള്ളികളായല്ല, തിരകളായാണെത്തിയത്*
*വീടുകളും പാടങ്ങളും ദേവാലയങ്ങളും*
*തോരാമഴയിൽ കുതിർന്നു*
*ആർത്തലച്ചുപെയ്ത മഴയും*
*ഞങ്ങളുടെ കണ്ണീരും ഒന്നായൊഴുകി*
*പണ്ട് മഹാബലി വാണ നാട്*
*ഇന്ന് തളിരിലപോലെ മഴയിൽ വിറകൊള്ളുകയാണ്*
*പണ്ട് വാമനനുപോലും ദാനം നൽകാൻ മടിക്കാത്ത നാട്*
*ഇന്ന് തെലുഗുനാട്ടുകാരോടും സഹായം തേടുകയാണ്*
*പ്രകാശകിരണം പോലെ*
*ദയാവായ്പ് കാണിക്കുക*
*ഇവിടെ സഹായവും സന്തോഷവും നിറയട്ടെ*
*ഈ കണ്ണീർ തുടയ്ക്കാൻ നിങ്ങൾ തയ്യാറാകുമെങ്കിൽ*
*പ്രകൃതി ഇവിടെ പുതുനാമ്പെടുക്കും*